DESPATCHED
On 05/03/2020

6/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.638(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11690/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മഹേഷ് കുമാർ എൻ.,
കല്ലുവെട്ടാംകുഴി,
പുഴവാത്, ചങ്ങനാശ്ശേരി. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് ഗ്രൂപ്പ് ആഫീസർ,
ചങ്ങനാശ്ശേരിക്കാവ് ദേവസ്വം ആഫീസ്,
ചങ്ങനാശ്ശേരി, കോട്ടയം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/08/2016, 28/10/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 22/09/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 24/09/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/10/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/11/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മഹേഷ്കുമാർ എൻ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെയായി വ്യക്തമായി യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തിരുവിതാംകൂർ ദേവസ്വം ബോർഡ് ചങ്ങനാശ്ശേരി ഗ്രൂപ്പിൽപ്പെട്ട ചങ്ങനാശ്ശേരിക്കാവ് ദേവസ്വത്തിൽ 2010 മുതൽ പ്രധാന ദേവാലയത്തിലും ഉപദേവാലയത്തിലുമായി നടയ്ക്കു വയ്ക്കപ്പെട്ട സ്വർണ്ണ ഉരുപ്പടികൾ, വെള്ളി ഉരുപ്പടികൾ, വെള്ളിപ്പാത്രങ്ങൾ, ഓട്ട് വിളക്കുകൾ തുടങ്ങിയവയ്ക്ക് ദേവസ്വം രസീത് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ രസീത് നമ്പർ അടക്കം നൽകണമെന്നും നൽകിയിട്ടില്ലെങ്കിൽ കാരണം ബോധിപ്പിക്കണമെന്നും

ii. ചങ്ങനാശ്ശേരിക്കാവ് ദേവസ്വത്തിന്റെ കീഴിലുള്ള സുമംഗലി ആഡിറ്റോറിയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും

അനുവദിച്ചിരുന്ന സ്റ്റീൽ – അലുമിനിയം പാത്രങ്ങൾ, അണ്ടാവുകൾ, ഓട്ടു വിളക്കുകൾ തുടങ്ങിയവയുടെ എണ്ണമടക്കമുള്ള വിവരണവും നിലവിലുളളവയുടെ എണ്ണവും സ്ഥിതിയും നൽകണമെന്നും സുമംഗലി ആഡിറ്റോറിയത്തിൽ നിന്നും നഷ്ടപ്പെട്ടു പോയിട്ടുളളതായി കണക്കാക്കപ്പെടുന്ന പാത്രങ്ങളോ അതുമായി ബന്ധപ്പെട്ട വകകളും ഉണ്ടോ എന്നും ഉണ്ടെങ്കിൽ നഷ്ടം കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ദേവസ്വത്തിൽ ഒടുക്കിയിട്ടുണ്ടോ എന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട റിക്കാർഡുകളുടെ ഉത്തരവാദിത്വവും സൂക്ഷിപ്പും നിലവിലുള്ള ചങ്ങനാശ്ശേരിക്കാവ് സബ് ഗ്രൂപ്പ് ഓഫീസർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് ഹർജിക്കാരന് 28.10.2016–ൽ വിവരങ്ങൾ രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുളളതായി കാണുന്നു. എന്നാൽ ഹർജിക്കാരന്റെ 26.5.2016 തീയതിയിലെ അപേക്ഷ ഏതു ഓഫീസിലാണ് ലഭിച്ചിരുന്നതെന്നും ആയതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിരുന്നത് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ ബന്ധപ്പെട്ട ഓഫീസിന്റെ ഭാഗത്തു നിന്നും കാലതാമസം വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ചും തിരുവിതാംകൂർ ദേവസ്വം ബോർഡ് ചങ്ങനാശ്ശേരി ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം വിശദമായ ഒരു റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതും സമയബന്ധിതമായി ഹർജിക്കാരന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച് മേൽപ്പടി ഉദ്യോഗസ്ഥന്റെ വിശദീകരണവും കമ്മീഷൻ മുമ്പാകെ ഹാജരാക്കണമെന്ന് നിർദ്ദേശിക്കുന്നു. ആയതിലേക്കായി ഈ ഉത്തരവിന്റെ ഒരു പകർപ്പ് കമ്മീഷൻ സെക്രട്ടറി മേൽപ്പടി ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർക്ക് അയച്ചു കൊടുക്കേണ്ടതാണ്. ആയത് ലഭ്യമായ ശേഷം ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വിവരങ്ങൾ നൽകുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ കമ്മീഷൻ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION